**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **24-06-2024 - ൽ മറുപടിയ്ക്ക്**

**മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ സേവനങ്ങൾക്കുള്ള അപേക്ഷകളും സമർപ്പിക്കേണ്ടത് ഓൺലൈൻ വഴി ആക്കുവാനും സീനിയോറിറ്റി പ്രകാരം അപേക്ഷകർക്ക് സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ഉണ്ട്. ക്വാറി, ക്രഷർ, ഡിപ്പോ തുടങ്ങിയവയിൽ നിന്നും നിലവിൽ ധാതുക്കൾ നീക്കം ചെയ്യുന്നതിനുള്ള മിനറൽ ട്രാൻസിറ്റ് പാസ്സുകൾ വകുപ്പിന്റെ ഓൺലൈൻ സർവ്വീസ് പോർട്ടലായ KOMPAS വഴിയാണ് നല്കി വരുന്നത്. വകുപ്പിന്റെ നിലവിലുള്ള KOMPAS പോർട്ടൽ നവീകരിച്ചുകൊണ്ട് ധാതുക്കളുടെ ഖനനം, കടത്ത്, സംഭരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് അപേക്ഷ സ്വീകരിക്കുന്നത് മുതൽ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ നല്കുന്നത് വരെയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും അതനുസരിച്ച് സീനിയോറിറ്റി പ്രകാരം അപേക്ഷകന് സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ